(സി) തൊഴിലിടങ്ങളിൽ ഒരുക്കേണ്ട സുരക്ഷാമാനദണ്ഡങ്ങളെക്കുറിച്ചും പാലിക്കേണ്ട മുൻകരുതലുകളെക്കുറിച്ചും തൊഴിലാളികൾക്കും തൊഴിലുടമകൾക്കും ബോധവത്ക്കരണം നടത്തുന്നതിനാവശ്യമായ നടപടികൾ തൊഴിൽ വകുപ്പ് സ്വീകരിച്ചുവരുന്നു. ബിൽഡിംഗ് & അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ബോർഡിന്റെയും കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ ആന്റ് എംപ്ലോയ്മെന്റിന്റെയും സഹായത്തോടെ നിർമ്മാണ മേഖലയിലെ തൊഴിലാളികൾക്കും തൊഴിലുടമകൾക്കും തൊഴിലിടങ്ങളിൽ പാലിക്കേണ്ട സുരക്ഷാ മാനദണ്ഡങ്ങളെ സംബന്ധിച്ച അവബോധം സൃഷ്ടിക്കുന്നതിനായി കർമ്മപരിപാടി തൊഴിൽ വകുപ്പ് ആസൂത്രണം ചെയ്യുന്നതാണ്. അപകടമരണം സംഭവിക്കുന്ന സന്ദർഭങ്ങളിൽ എംപ്ലോയീസ് കോമ്പൻസേഷൻ ആക്ട് പ്രകാരം തൊഴിലുടമ/ കരാറുകാരൻ നോട്ടീസ് നൽകി നഷ്ടപരിഹാരം ലഭ്യമാക്കുകയും ചെയ്യുന്നുണ്ട്.

കൃഷ്ണപുരം, കായംകുളം വില്ലേജ് ആഫീസുകൾ-പുതിയ കെട്ടിട നിർമ്മാണം

144 (1176) ശ്രീ. സി. കെ. സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കായംകുളം അസംബ്ലി മണ്ഡലത്തിലെ കൃഷ്ണപുരം, കായംകുളം വില്ലേജ് ആഫീസുകൾക്കുള്ള പുതിയ കെട്ടിടത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങളുടെ പുരോഗതി വിശദമാക്കുമോ ;

(ബി) ഇത് എന്നത്തേക്ക് പൂർത്തീകരിച്ച് പ്രവർത്തനം ആരംഭിക്കാൻ കഴിയും എന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) കാർത്തികപ്പള്ളി താലൂക്കിലെ കായംകുളം വില്ലേജ് ഓഫീസിന്റെ അറ്റകുറ്റപ്പണികൾ 2-11-2012-ൽ പൂർത്തികരിച്ചിട്ടുണ്ട്. കൃഷ്ണപുരം വില്ലേജ് ആഫീസ് സ്മാർട്ട് റവന്യൂ ഓഫീസ് പദ്ധതിയിൽ ഉൾപ്പെടുത്തി 2015-16 സാമ്പത്തിക വർഷത്തിൽ നിർമ്മാണം നടത്തുന്നതിന് 23-5-2015-ലെ സ.ഉ.(സാധാ) നമ്പർ 2633/2015/റവ പ്രകാരം ഉത്തരവായിട്ടുണ്ട്.

(ബി) കൃഷ്ണപുരം വില്ലേജ് ആഫീസ് സ്മാർട്ട് റവന്യൂ ഓഫീസ് പദ്ധതിയിൽ ഉൾപ്പെടുത്തി 2015-16 സാമ്പത്തിക വർഷത്തിൽ നിർമ്മാണം പൂർത്തീകരിക്കുവാൻ നടപടി സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly